**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 268** **27-06-2022 - ൽ മറുപടിയ്ക്ക്**

**ദത്ത് നടപടികളിന്മേലുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിൽ എത്ര അംഗീകൃത അഡോപ്ഷൻ സെന്ററുകളുണ്ടെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാന ശിശുക്ഷേമ സമിതിയുടെ കീഴിൽ നിലവിൽ 6 അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ട്. |
| (ബി) | 2022 മെയ് 31-ലെ കണക്കനുസരിച്ച് നിലവിൽ എത്ര ശിശുക്കളെ സംരക്ഷിച്ച വരുന്നുണ്ടെന്ന് അറിയിക്കാമോ; | (ബി) | സംസ്ഥാനത്തെ 14 ജില്ലകളിലെ അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങളിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ ആറ് വയസ്സിൽ താഴെയുള്ള 260 കുട്ടികളെയാണ് സംരക്ഷിച്ച് വരുന്നത്. ശിശുക്ഷേമ സമിതിയുടെ കീഴിൽ പ്രവർത്തിയ്ക്കുന്ന 6 അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങളിൽ 141 കുട്ടികളെ പാർപ്പിയ്ക്കുന്നു. |
| (സി) | ശിശുക്ഷേമസമിതിയുടെ അഡോപ്ഷൻ കേന്ദ്രത്തിലുള്ള കുട്ടികളെ ദത്തെടുക്കാൻ നിലവിൽ എത്ര അപേക്ഷകരുണ്ട്; വിശദമാക്കാമോ; | (സി) | ശിശുക്ഷേമ സമിതിയുടെ ദത്തെടുക്കൽ കേന്ദ്രങ്ങളിൽ ദത്തെടുക്കലിനായി അപേക്ഷ നൽകി കാത്തിരിക്കുന്ന അപേക്ഷകരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം - 472<br><br>കൊല്ലം - 183<br><br>പത്തനംതിട്ട - 13<br><br>മലപ്പുറം - 74<br><br>കാസർഗോഡ് - 33 |
| (ഡി) | നിലവിലുള്ള നിയമപ്രകാരം ഏത് പ്രായം വരെയുള്ള കുട്ടികളെയാണ് ദത്ത് നൽകാൻ കഴിയുന്നത്; വിശദമാക്കാമോ; | (ഡി) | 2017 ലെ അഡോപ്ഷൻ റെഗുലേഷൻ പ്രകാരം 2 മാസം പ്രായമുള്ള കുട്ടികൾ മുതൽ 18 വയസ്സ് വരെ പ്രായമുള്ള കുട്ടികളെ ദത്തെടുക്കാവുന്നതാണ്. |
| (ഇ) | ദത്ത് നടപടികളിന്മേൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ? | (ഇ) | 2017 ലെ അഡോപ്ഷൻ റെഗുലേഷൻ പ്രകാരം ദത്തെടുക്കാൻ ആഗ്രഹിക്കുന്ന അപേക്ഷകർ രജിസ്റ്റർ ചെയ്ത തീയതിയുടെ അടിസ്ഥാനത്തിലുള്ള സീനിയോരിറ്റി ക്രമം അനുസരിച്ചും വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കുട്ടികളുടെ ലഭ്യത അനുസരിച്ചും ടി അപേക്ഷകർ കുട്ടിയെ |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനായി തെരഞ്ഞെടുക്കുന്ന ഓപ്ഷൻസ് (From Anywhere in India/ Any three States/ Only one State) കാരണവും കാലതാമസം നേരിടുന്നു. കൂടാതെ ദത്തെടുക്കലിന് അനുയോജ്യരായ അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏൽപ്പിച്ച് കൊടുക്കപ്പെട്ടവരുമായ കുട്ടികളുടെ എണ്ണത്തിൽ ഉള്ള കുറവും, ദത്തെടുക്കലിനുള്ള അപേക്ഷകരുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവും ദത്ത് നടപടികളിൽ കാലതാമസമുണ്ടാകാൻ കാരണമാകുന്നു. |

സെക്ഷൻ ഓഫീസർ